(ബി) ഇങ്ങനെ കൊണ്ടുപോകുന്ന ബോഗികൾ പലതും പിന്നീട് തിരികെ ലഭിക്കുന്നില്ല എന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത്തരത്തിൽ ബോഗികൾ കുറയ്ക്കുന്ന നടപടി ഒഴിവാക്കുന്നതിന് റെയിൽവേ അധികൃതരോടാവശ്യപ്പെടുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

തിരുവനന്തപുരം-കോട്ടയം-എറണാകുളം റെയിൽപ്പാത ഇരട്ടിപ്പിക്കൽ

131 [1270] ശ്രീ. ടി. വി. ചന്ദ്രമോഹൻ:
,, പി. ടി. തോമസ്:
,, പ്രയാർ ഗോപാലകൃഷ്ണൻ:
,, എം. എ. ചന്ദ്രശേഖരൻ:
,, കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം-കോട്ടയം-എറണാകുളം റെയിൽപ്പാത ഇരട്ടിപ്പിക്കുന്നതിനുള്ള പണിയാരംഭിച്ചതെന്നാണ്;

(ബി) ഇതിന്റെ ദൈർഘ്യം എത്രയാണ്;

(സി) ഇതുവരെ ഈ ലൈനിലെ എത്ര കിലോമീറ്റർ പാത ഇരട്ടിപ്പിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) ഇനി എവിടെ മുതൽ എവിടെ വരെയുള്ള പാതയാണ് ഇരട്ടിപ്പിക്കാനുള്ളത്;

(ഇ) ഈ ഭാഗത്തെ ലൈൻ ഇരട്ടിപ്പിക്കുന്നതിനുള്ള കാലതാമസത്തിന് കാരണമെന്താണ്;

(എഫ്) ഇതിനാവശ്യമായ ഭൂമി ഏറ്റെടുത്തു കഴിഞ്ഞുവോ എന്ന് വെളിപ്പെടുത്തുമോ;

(ജി) ഇതിന്റെ ഇരട്ടിപ്പിക്കൽ എന്നേയ്ക്ക് പൂർത്തിയാകും എന്നറിയിക്കാമോ?

ഉത്തരം

(എ) 1989-ൽ.

(ബി) 219.98 കിലോമീറ്റർ.

(സി) 105.32 കിലോമീറ്റർ.

(ഡി) കായംകുളം മുതൽ എറണാകുളം വരെ.

(ഇ) ഭൂമി ഏറ്റെടുക്കുന്നതിലുള്ള ബുദ്ധിമുട്ടുകളാണ് കാലതാമസത്തിനു കാരണം.

(എഫ്) പൂർണ്ണമായും ഏറ്റെടുത്തു കഴിഞ്ഞിട്ടില്ല.

(ജി) ഭൂമിയുടെ ലഭ്യതയനുസരിച്ച് ഇരട്ടിപ്പിക്കൽ പൂർത്തിയാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly